# മുപ്പത് വെള്ളിക്കാശ്!
***********************

"തോമ്മാച്ചാ, പൈസ ഉണ്ടോ ഒരു മുപ്പത് പൈസ എടുക്കാൻ"

"പിന്നെ പൈസയില്ലേ മുപ്പത് പൈസ എടുക്കാൻ".

അരോചകമായി നെഞ്ചത്ത് ചൊറിഞ്ഞോണ്ട് മേശവലിപ്പിൽ നിന്നും തോമ്മാച്ചൻ മുപ്പത് പൈസ എടുത്ത് തന്നു.

ചിലർ അങ്ങനാ. ചോദ്യത്തെ മറ്റൊരു മറുചോദ്യം കൊണ്ട് നേരിടും.

വെള്ളപ്ലാമുറി തോമ്മാച്ചൻ! ശുദ്ധൻ. സുന്ദരൻ. സുമുഖൻ. എക്സ്-മിലിട്ടറി. തലയുടെ മുൻപിൽ മുടിയില്ല. വെട്ടിനിർത്തിയ മീശ. നല്ല വെളുത്ത നിറം. ഭാര്യ മോനിമ്മ ചേച്ചി. രണ്ടാൾക്കും കാണുമ്പോ നല്ല സ്നേഹമാണ്.

തോമ്മാച്ചൻ മിലിട്ടറി പെൻഷൻ മേടിച്ച് നാട്ടിൽ വന്നൊരു പലചരക്ക് കടയിട്ടു. സ്ഥലം പുലിക്കല്ല്. ഞാൻ ജനിച്ചുവളർന്ന എന്റെ സ്വന്തം നാട്.

പുലിക്കല്ല് – പൊൻകുന്നം ആനവണ്ടി റൂട്ട് തുടങ്ങുന്ന ആദ്യ ദിവസം. ഞങ്ങൾ പുലിക്കല്ലുകാർക്ക് ഉത്സവം. ആദ്യത്തെ ട്രിപ്പ് എടുക്കാൻ വണ്ടി വന്നു നിന്നപ്പോൾ തൊടാനും മണം പിടിക്കാനും ഡ്രൈവർ സാറിനോട് കുശലം പറയാനും ആളുകൂടി.

കുറമണ്ണിൽ ഈപ്പച്ചൻ കട പൂട്ടി കാഴ്ച കാണാൻ ഇറങ്ങി തലയുടെ പുറകിൽ കൈയും കെട്ടി നിന്നു. ഉണ്ണിച്ചേട്ടൻ ചായക്കടയുടെ വാതിൽക്കൽ വന്ന് വണ്ടിയിൽ ഉറ്റുനോക്കി നിന്നു. പാതി മുടി വെട്ടിയ കസ്റ്റമറെ കസ്സേരയിൽ ഇരുത്തി ബാർബർ ശങ്കരൻ മൂപ്പർ കൈയിൽ കത്രികയുമായി ഇറങ്ങിവന്നു. കസ്സേരയിൽ നിന്നും അനങ്ങാൻ ആവാത്ത കസ്റ്റമർക്ക് പുലിക്കല്ലിൽ എത്തിയ ആദ്യ ആനവണ്ടി കാണാൻ കഴിഞ്ഞില്ല. റേഷൻ കട നടത്തുന്ന പുളിക്കൽ ഈപ്പച്ചൻ റേഷൻ കടയിൽ നിന്നും വല്യ ഗമയിൽ എത്തി നോക്കി, ഞാനെത്ര ആനവണ്ടി കണ്ടിരിക്കുന്നു എന്നമട്ടിൽ.

ബസ് കണ്ടക്റ്റർ സുധാകരൻ എന്റെ ചേട്ടൻ വറുഗീസ്സിന്റെ കൂടെ പഠിച്ച ചെറുവള്ളിക്കാരൻ. അവൻ എന്നെക്കണ്ട് കുശലം ചോദിച്ചപ്പോ എന്റെ വെയിറ്റും ഗമയും കൂടി. ഒരു ബസ് കണ്ടക്ട്ടർ എന്നോട്

സംസ്സാരിച്ചിരിക്കുന്നു. അതും പേരുവിളിച്ച്. വേറെ ആർക്കും ലഭിക്കാത്ത ഭാഗ്യം. ഞാൻ ചുറ്റുമൊന്ന് നോക്കി ഞെളിഞ്ഞുനിന്നു.

കണ്ടക്ട്ടരും ഡ്രൈവറും ഉണ്ണിചേട്ടന്റെ കടയിൽ നിന്നും പുട്ടും കടലയും ഫ്രീയായി അകത്താക്കി.

"പോളേ വരുന്നില്ലേ?" വണ്ടി വിടാൻ നേരം സുധാകരൻ എന്നോടായി ചോദിച്ചു.

ആക്ച്ച്ലി പുലിക്കല്ലിൽ നിന്നും ഞങ്ങളുടെ കടയിലേക്ക് നാല് മിനിറ്റ് നടക്കാനുള്ള ദൂരമേയുള്ളൂ പക്ഷെ ബസ് കണ്ടക്ട്ടർ സുധാകരൻ ഒക്കെ നിർബന്ധിക്കുമ്പോ എങ്ങനാ പറ്റില്ലാന്ന് പറയുന്നേ പക്ഷെ എൽ. ഡി. എഫ്. അധികാരം ഏറ്റ പോലാ എന്റെ പോക്കറ്റ്. കാലി!

തോമ്മാച്ചനോട് മുപ്പത് പൈസ കടം മേടിക്കാനുള്ള സാഹചര്യം അതാണ്.

കടം മേടിച്ച പൈസ്സയുമായി ഞാൻ വണ്ടിയിൽ കയറി. വണ്ടിയിൽ ആകെ പതിനൊന്ന് പേര്. പ്രത്യേകിച്ച് യാതൊരു കാരണോമില്ലാത് യാത്രക്ക് ഇറങ്ങി തിരിച്ചവരാണ് മിക്കവരും. സർക്കാരിന് ഒരു പ്രോത്സാഹനം. ആരും കേറിയില്ലേൽ പിറ്റേന്ന് മുതൽ വണ്ടി നിന്നുപോയാലോ.

കണ്ടക്ടർ ടിക്കറ്റ് എടുക്കാൻ വന്നു. എന്റെ അടുത്തു വന്നപ്പോ "ഓ പോളിന് ടിക്കറ്റ് ഒന്നും വേണ്ട" എന്ന് പറഞ്ഞ് സുധാകരൻ പുറകോട്ട് പോയെങ്കിലും എന്റെ ആത്മാഭിമാനം ഉണർന്നു. അതുവേണ്ട, ആരുടേം ഒശാരം നമ്മക്ക് വേണ്ട. സർക്കാരിന് നഷ്ട്ടം വന്നാ അതെന്റെ മനസ്സിലൊരു നീറ്റലായ് കിടക്കും.

മുപ്പത് പൈസ നീട്ടി ഞാൻ പറഞ്ഞു "ഒരു വള്ളംചിറ". സുധാകരൻ പച്ച നിറത്തിലുള്ള ഒരു ടിക്കറ്റ് കീറി എനിക്ക് തന്നിട്ടൊന്നു ചിരിച്ചു കാണിച്ചു.

ഞാൻ വിൻഡോ സീറ്റിലിരുന്ന് പടുത വകഞ്ഞുമാറ്റി പുറത്തേക്ക് നോക്കി. പുലിക്കല്ല് സ്കൂൾ ഇടതുവശത്ത് കാണാം. പിന്നെ ലക്ഷം വീട് കോളനി. കാവാലത്തെ കൊച്ചുസാറിന്റെ വീട്...മുട്ടത്തുപാറ കുഞ്ഞച്ചൻ ചേട്ടന്റെ വീട്...ളാമണ്ണിൽ ദേവസ്യാ ചേട്ടന്റെ വീട്...എല്ലാം ഒരു ത്രീ-ഡി വിഷൻ പോലെ പുറകോട്ട് പോകുന്നു. നല്ലരസ്സം.

കണ്ണടച്ച് തുറക്കുന്നതിന് മുൻപേ ഇതാ വണ്ടി ഞങ്ങടെ കടയുടെ മുൻപിൽ!

എന്റെ നേരെ നോക്കി "എന്നാ പിന്നെ കാണാവേ..". എന്നും പറഞ്ഞ് സുധാകരൻ പറഞ്ഞു ഡബിളടിച്ചു..

മുപ്പത് പൈസയുടെ മുതലായോ എന്ന് സുധാകരനോട് ചോദിക്കാനുള്ള സാവകാശം കിട്ടുന്നതിന് മുൻപേ ഡ്രൈവർ വണ്ടി മുന്നോട്ടെടുത്തു. .

ഞാൻ വന്നിറങ്ങിയപ്പോ വള്ളംചിറയിലെ വയസ്സൻ സെറ്റ് ഗുലാൻപെരിശിൽ മുഴുകിയിരിക്കുന്നു. ആരോ പതിനാറ് വിളിച്ചു. കളിച്ച് വന്നപ്പോ ഒരെണ്ണം കുറവ്. അപ്പൊ വിളിച്ച കക്ഷി പറയുന്നു അങ്ങേര് പതിനഞ്ചാ വിളിച്ചതെന്ന്. അതേൽ ചൊല്ലി ഉണ്ടായ തർക്കത്തിൽ മുഴുകിയ വയസ്സൻ സെറ്റ് ഞാൻ നാലഞ്ച് ലക്ഷം രൂപയുടെ സ്വത്തിൽ വന്നിറങ്ങിയത് കണ്ടില്ല. ഞന്നായി.

മോഷ്ടടിക്കാൻ കേറുന്ന കള്ളനെപ്പോലെ ഞാൻ ശബ്ദമുണ്ടാക്കാത് പതുക്കെ കടയിലേക്ക് കയറി, ആരാലും ശ്രദ്ധിക്കപ്പെടാത്.

പ്രത്യേകമായി ഒന്നും സംഭവിക്കാത് മൂന്നാല് ദിവസ്സങ്ങൾ മുന്നോട്ട് പോയി.

ഞായറാഴ്ച്ചയെത്തി. അച്ചാച്ചൻ രാവിലെ ഏഴരയുടെ കുർബ്ബാനക്ക് പള്ളീൽ പോകുന്നു. വെള്ളപ്പാമുറി തോമ്മാച്ചനും അതേ പള്ളീൽ അതേ കുർബ്ബാനക്ക് വരുന്നു. അവര് തമ്മിൽ സംസ്സാരിക്കുന്നു. അച്ചാച്ചന്റെ മുഖം ചുമക്കുന്നു.

അച്ചാച്ചൻ വീട്ടിൽ വന്നപ്പോ ഞാൻ ഉച്ചക്കുർബ്ബാനക്ക് ഒരുങ്ങുന്നു. ഞാൻ തിരികെ വന്നപ്പോഴേക്കും അദ്ദേഹം കടയിൽ പോയിരുന്നു. ഉച്ചയായി...സന്ധ്യയായി...രാത്രിയായി. മണി എട്ടര – ഒൻപത്. സർവ്വത്ര ജീവജാലങ്ങളും കിടക്ക വിരിച്ച് കിടന്നു. ഞാനും.

“തങ്കച്ചാ”.

ഏതുറക്കത്തിൽ ആണെങ്കിലും ഡോൾബി ഡിജിറ്റലിലുള്ള ആ വിളിയുടെ ഈണം കേട്ടാ എനിക്കറിയാം എന്തിനാ വിളിക്കുന്നതെന്ന്.

ഞാൻ ഞെട്ടിയുണർന്നു. അടുത്ത ദിവസ്സങ്ങളിലൊന്നും എന്തെങ്കിലും തോന്ന്യാസം ഒപ്പിച്ചതായി ഓർമ്മയില്ല. പിന്നെ എന്താണാവോ.

എന്തായാലും ഞാൻ എഴുന്നേറ്റു ചെന്നു.

“നിന്നോടാരാടാ മുപ്പത് പൈസക്ക് വേണ്ടി എരക്കാൻ പറഞ്ഞത്?” വലതുകൈയിൽ വടിയും പിടിച്ച് അച്ചാച്ചൻ അലറി.

എനിക്കൊന്നും മനസിലായില്ല. ആര്? എന്ത്? ആരുടെ മുപ്പത് പൈസ?.

ഞാൻ എന്തെങ്കിലും പറയുന്നതിന് മുൻപ് ബാക്കീം വന്നു.

“കടേലെ തോമ്മാച്ചൻ പറഞ്ഞപ്പോ എന്റെ തോലുരിഞ്ഞുപോയി. നടക്കുന്നു, തെണ്ടാൻ!”.

എന്തെങ്കിലും കള്ളം പറയാനുള്ള സാവകാശം കിട്ടുന്നതിന് മുൻപേ ചന്തിയിൽ അടിവീണു.

ഉറക്കപ്പിച്ചാണെങ്കിലും ഇപ്പൊ ഏതാണ്ട് സംഭവം പിടികിട്ടി. ഇത് വല്യ ചതിയായിപോയി തോമ്മാച്ചാ. കേരളം വിദേശത്ത് നിന്നും കടം ഇരന്നു വാങ്ങുന്നത് ഡൽഹിയിൽ ചെന്ന് കൊളുത്തിക്കൊടുക്കുന്ന മാതിരി പണിയായി പോയി.

പുലിക്കല്ലിൽ നിന്നും വള്ളംചിറ വരെ ബസ്സിൽ പോയതിന്റെ സുഖം ചന്തിയിൽ വീണ അടിയുടെ വേദനയിൽ അപ്രത്യക്ഷമാവാൻ അധികനേരം വേണ്ടിവന്നില്ല.

എന്നാലും തോമ്മാച്ചാ, വെറും മുപ്പത് വെള്ളിക്കാശിനു വേണ്ടി എന്നെ ഒറ്റുക്കൊടുത്തല്ലോ താങ്കൾ!